**കേരള സർക്കാർ**

<u>സംഗ്രഹം</u>

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.ചിന്നു അവുഞ്ഞിക്കാടനെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

# തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(എം.എസ്) നം.25/2016/തസ്വഭവ തീയതി, തിരുവനന്തപുരം, 03/02/2016**

---

പരാമർശം : 1. 25/11/2005 ലെ സഉ(പി) നം. 501/05/ധന നമ്പർ ഉത്തരവ്.
2. 9/02/2010 ലെ ലെ സഉ(പി) നം. 61/2010/ധന നമ്പർ ഉത്തരവ്.
3. ശ്രീമതി.ചിന്നു അവുഞ്ഞിക്കാടന്റെ 20/01/2012 ലെ അപേക്ഷ.
4. കണ്ണമംഗലം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 05/06/2012 ലെ 7(7) നമ്പർ തീരുമാനം.
5. പഞ്ചായത്തു ഡയറക്ടറുടെ 17/05/2013,28/04/2014 തീയതികളിലെ ഇ 9-3573/12 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.ചിന്നു അവുഞ്ഞിക്കാടൻ തന്റെ നിയമന ക്രമവൽക്കരണത്തിനായി പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് പരാമർശം 4 പ്രകാരം കണ്ണമംഗലം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊള്ളുകയും പരാമർശം 5 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. 217.50 ചതുരശ്ര മീറ്റർ ഓഫീസ് സ്വീപ്പിംഗ് ഏര്യയുള്ള കണ്ണമംഗലം ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം ഓഫീസ് സ്വീപ്പർ തസ്തിക നിലവിലില്ല .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 11/11/2000 മുതൽ കണ്ണമംഗലം ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.ചിന്നു അവുഞ്ഞിക്കാടനെ പ്രസ്തുത ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം ഓഫീസ് സ്വീപ്പറുടെ തസ്തിക

സൃഷ്ടിച്ച് ഉത്തരവ്വ തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ ശ്രീമതി.ചിന്നു അവുഞ്ഞിക്കാടൻ വിരമിക്കുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ ആളെ നിയമിക്കാവൂ എന്നും പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല. സി.എസ്**
**ഗവ.അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം ജില്ല.
സെക്രട്ടറി, കണ്ണമംഗലം ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ല.
ശ്രീമതി. ചിന്നു അവുഞ്ഞിക്കാടൻ, പാർട്ട് ടൈം സ്വീപ്പർ, കണ്ണമംഗലം ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ല(സെക്രട്ടറി, കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനവകുപ്പ്(യു.ഒ നം. 191 /ഡെവ.1/14/ധന തീയതി 03/12/2015 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ